വരെ ഗണ്ണെറിംഗ് നടത്തിയിരുന്നു. മുൻപ് ഉദ്ദേശിച്ചിരുന്നതു പോലെ മേൽപ്പടി ലവലിനു മുകളിലും ഗണ്ണെറ് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) നേരിയ തോതിലുള്ള കിനിവ് സാധാരണവും അനിവാര്യവുമാണെന്ന നിലയിൽ ഇപ്പോഴും നടത്തുവാനുദ്ദേശിക്കുന്ന ഗ്രൗട്ടിംഗും ഗണ്ണെറിംഗും മൂലമുള്ള ചെലവുകളും ഡാമിന്റെ നിർമ്മാണ ചെലവുകളിൽ ഉൾപ്പെടുന്നവതന്നെയാണ്. അതിനാൽ അധിക ചെലവ് വേണ്ടി വന്നിട്ടില്ല.

(സി) കഴിയും.

(ഡി) ഡാമിന്റെ പണിയിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉള്ളതായി പ്രത്യേകമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതായി അറിയില്ല.

ട്രൈസം പദ്ധതി പ്രകാരം ഹരിജന-ഗിരിജനങ്ങൾക്ക് തൊഴിൽ പരിശീലനം

* 68 [110] ശ്രീ. എ.വി. അബ്ദുൾ റഹിമാൻ ഹാജി:
,, കെ.പി. രാമൻ:
,, പി.കെ.കെ. ബാവ:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ:
,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പരിപാടിയുടെ ട്രൈസം പദ്ധതി പ്രകാരം 1984-85 ൽ എത്ര ഹരിജന-ഗിരിജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകി എന്നു വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ എത്ര (ഹരിജന-ഗിരിജന) പേർക്ക് തൊഴിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു;

(സി) ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പരിശീലനം നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) 1984-85 -ൽ 3015 ഹരിജന-ഗിരിജനങ്ങൾക്ക് ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) 1812 ഹരിജന-ഗിരിജനങ്ങൾക്കാണ് 85-86 സാമ്പത്തിക വർഷത്തിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

(സി) താഴെ പറയുന്ന മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നത്.

വെൽഡിംഗ്, പ്ലംബിംഗ്, ഇലക്ട്രിക് വയറിംഗ്, സോപ്പു നിർമ്മാണം, തയ്യൽ, ബാത്തിക് പ്രിൻറിംഗ്, നെയ്ത്ത്, കരകൗശലം, ബേക്കറി തുടങ്ങിയവ.

LIBRARY ARCHIVES Kerala Legislative Assembly